LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് കോളനികളിലെ വീടുകൾ

321(1067) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഗുരുവായൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഫിഷറീസ് കോളനികളിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം നിർമ്മിച്ചുനൽകിയ വീടുകളുടെ ഗുണഭോക്താക്കളുടെ വിവരം, നിർമ്മാണം പൂർത്തീകരിച്ച വർഷം എന്നിവ വ്യക്തമാക്കാമോ?

(എ&ബി) അഞ്ചു വർഷക്കാലയളവിൽ ഗുരുവായൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഫിഷറീസ് കോളനികളിൽ വീടുകൾ നിർമ്മിച്ചു നൽകിയിട്ടില്ല.

(സി) ഫിഷറീസ് വകുപ്പ് നിർമ്മിച്ചു നൽകിയ വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേന വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിൽ നടപ്പാക്കുന്നില്ല.

(ഡി) ഫിഷറീസ് കോളനികളിലെ ഇരട്ടവീട് ഒറ്റവീട് ആക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്നും നടപ്പിലാക്കുമോയെന്നും വ്യക്തമാക്കാമോ?

നിലവിലില്ല. ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നില്ല. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതികളും ഭൂരഹിത ഭവന രഹിതർക്കുള്ള ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്ന പദ്ധതികളും നടപ്പാക്കുന്നത്.

പുനർഗേഹം പദ്ധതിയിലൂടെ വാങ്ങിയ സ്ഥലങ്ങളെപ്പറ്റിയുള്ള ആരോപണങ്ങൾ

322(1068) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വാങ്ങിയ സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്തത് പ്രകാരമുള്ള ഭൂമിയിൽ കുറവുണ്ടെന്നും സി.ആർ.ഇസെഡ്. പരിധിയിൽപ്പെടുന്നതാണെന്നും ചൂണ്ടിക്കാട്ടി പരാതികൾ കിട്ടിയിട്ടുണ്ടോ;